**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5264** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ജനോപകാരപ്രദമായും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ക്രമീകരണങ്ങൾ നടത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021 നവംബർ മാസത്തിൽ പ്രസ്തുത ബസ് സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത ബസ് സർവ്വീസ് എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ജനോപകാരപ്രദമായും കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ക്രമീകരണങ്ങൾ നടത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021 നവംബർ മാസത്തിൽ പ്രസ്തുത ബസ് സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി ഗുരുവായൂർ ബസ് സ്റ്റേഷനിൽ യാത്രക്കാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി അത്യാധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് KSRTC യുടെ Project Management Consultant ആയ M/s. SILK Ltd-നെ ചുമതലപ്പെടുത്തിക്കൊണ്ട് 08/7/21-ന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഡിപ്പോയിൽ ഇന്ധന പമ്പ് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ? | (ഡി) | ആദ്യഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യിൽ യാത്രാ ഫ്യൂവൽസ് എന്ന പേരിൽ 8 സ്ഥലങ്ങളിലാണ് പൊതുജന ങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുന്നതിന് സൗകര്യം ഒരുക്കിയത്. അടുത്ത ഘട്ടങ്ങളിൽ തുടങ്ങാനിരിയ്ക്കുന്ന പത്ത് പമ്പുകളിൽ ഗുരുവായൂർ ഡിപ്പോയും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ